**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2298** **12-02-2024 - ൽ മറുപടിയ്ക്ക്**

**സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള നഴ്സുമാർ ഇല്ലാതെ പ്രവർത്തിക്കുന്ന ആയുർവ്വേദ ആശുപത്രികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ അപ്ഗ്രേഡ് ചെയ്ത ആയുർവ്വേദ ആശുപത്രികൾ വർഷങ്ങളായി സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള നഴ്സുമാർ ഇല്ലാതെ പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇടുക്കി ജില്ലയിൽ 50 കിടക്കകൾ ഉള്ള ഗവൺമെന്റ് ആയുർവേദ ആശുപത്രി പാറേമാവിലും, 30 കിടക്കകൾ ഉള്ള ഗവൺമെന്റ് ആയുർവേദ ആശുപത്രി കല്ലാറിലും നിലവിൽ ഭാരതീയ ചികിത്സാ വകുപ്പിലെ 03.05.1978 ലെ GO(Ms)No. 128/78/HD. സ്റ്റാഫ് പാറ്റേൺ പ്രകാരം ഉള്ള നഴ്സ് തസ്തികകൾ നിലവിൽ ഉണ്ട്. 100 കിടക്കകളുള്ള ആശുപത്രിയായ ഗവൺമെന്റ് ആയുർവേദ ആശുപത്രി തൊടുപുഴയ്ക്ക് 7 നഴ്സും, 1 നഴ്സിംഗ് സൂപ്രണ്ടുമാണ് നിലവിലുള്ളത്. 100 ബെഡ് കിടക്കകൾക്ക് സ്റ്റാഫ് പാറ്റേൺ നിലവിൽ ഇല്ല. |
| (ബി) | എങ്കിൽ പ്രസ്തുത ഒഴിവുകളിലേക്ക് കാറ്റഗറി നമ്പർ 016/2021 റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ജില്ലയിൽ നഴ്സ് തസ്തികയിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ